# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 56** **26.09.2011 മറുപടിക്ക്**

## <u>പെൻഷൻ പ്രായം ഉയർത്തുവാൻ നടപടി</u>

**ചോദ്യം** **ഉത്തരം**

**ശ്രീ. സി. എഫ്. തോമസ്**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പി.സി. ജോർജ്ജ്**
**ശ്രീ. റോഷി അഗസ്റ്റിൻ**

**ബഹു. മുഖ്യമന്ത്രി**
**ശ്രീ. ഉമ്മൻ ചാണ്ടി**

| | | |
|---|---|---|
| (എ.) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുവാൻ ഉദ്ദേശമുണ്ടോ ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരണവുമായി ബന്ധപ്പെട്ട് ഒരു മന്ത്രി സഭാ ഉപസമിതി രൂപീകരിക്കുകയും, ഈ സമിതി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത്ടി വിഷയത്തിൽ അഭിപ്രായസമന്വയത്തിനായുള്ള പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തു കഴിഞ്ഞു. മറ്റ് രാഷ്ട്രീയ സംഘടനകളും, യുവജന വിദ്യാർത്ഥി സംഘടനകളും, മറ്റുമായുള്ള തുടർ ചർച്ചകളും അനന്തര നടപടികളും പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ സാധിക്കുകയുള്ളു. പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. |
| (ബി.) | പെൻഷൻ ഏകീകരണ പദ്ധതി പുതിയ നിയമനങ്ങളെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | പെൻഷൻ ഏകീകരണം പി.എസ്.സി. നിയമനങ്ങളെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ